"ഭരണഭാഷ – മാതൃഭാഷ"

എച്ച്/6578/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **07/04/2021**

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം – പൊതുവിദ്യാലയങ്ങളിലെ നിർബന്ധിത ധനശേഖരണവും പി.റ്റി.എ ഫണ്ട് സമാഹരണവും ഒഴിവാക്കുന്നത് – സംബന്ധിച്ച്

സൂചന :-
1. ഈ കാര്യാലയത്തിൽ നിന്ന് 08.03.2016 ൽ പുറപ്പെടുവിച്ച എച്ച്/11775/15/ഡി.പി.ഐ നമ്പർ സർക്കുലർ
2. ഈ കാര്യാലയത്തിൽ നിന്ന് 04.06.2016 ൽ പുറപ്പെടുവിച്ച എൻ.ഇ.പി3/63355/15/ഡി.പി.ഐ നമ്പർ സർക്കുലർ
3. 09.12.2019 ലെ സർക്കാർ കത്ത് നം. ജി1/247/2019/പൊ.വി.വ
4. 25.02.2020 ലെ സർക്കാർ കത്ത് നമ്പർ എൻ 1/64/2020/പൊ.വി.വ

*******

വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം എട്ടാം ക്ലാസ്സ് വരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം കുട്ടികളുടെ മൗലികാവകാശമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ആയതിന്റെ വെളിച്ചത്തിലും ബഹു. ബാലാവകാശ കമ്മീഷന്റെയും സർക്കാരിന്റെയും നിർദ്ദേശാനുസരണവും 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളിൽ നിന്ന് യാതൊരു വിധ നിർബന്ധിത ഫീസോ മറ്റ് പിരിവുകളോ നടത്തരുതെന്ന് സൂചന (1) പ്രകാരം ഇതിനകം തന്നെ നിർദ്ദേശിച്ചിട്ടുള്ളതാണ്. 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിക്കാത്തതോ മുൻകൂർ അനുമതി വാങ്ങാത്തതോ ആയ യാതൊരു ഫീസോ പണപ്പിരിവോ നടത്തരുതെന്ന് സൂചന (2) പ്രകാരം എല്ലാ പ്രധാനാദ്ധ്യാപകരോടും നിർദ്ദേശിച്ചിട്ടുമുണ്ട്. മേൽ സർക്കുലറുകളിലെ നിർദ്ദേശങ്ങളുടെ അന്ത :സത്ത പാലിക്കാത്ത വിധത്തിൽ തുടർന്നും പല സ്കൂളുകളിലും പി.ടി.എ ഫണ്ട്, ഡെവലപ്മെന്റ് ഫണ്ട് തുടങ്ങി പല പേരുകളിൽ പണപ്പിരിവ് നടത്തുന്നതായുള്ള പരാതികൾ ഉയർന്നു വരികയുണ്ടായി. ഈ വിഷയത്തിൽ സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം സൂചന (3), (4) പ്രകാരം ചില സ്കൂളുകളിൽ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുമുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ പൊതുവിദ്യാലയങ്ങളിൽ ഇത്തരം പണപ്പിരിവുകളും സാമ്പത്തിക ക്രമക്കേടുകളും തടയുന്നതിനായി എല്ലാ വിധത്തിലുമുള്ള നിർബന്ധിത പണപ്പിരിവുകളും നിർത്തലാക്കേണ്ടതാണ്. പി.ടി.എ ഫണ്ട് സമാഹരണം 25.06.2007 ലെ സ.ഉ (കൈ) നമ്പർ 126/2007/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പരമാവധി പിരിക്കാവുന്ന തുകയിൽ അധികരിക്കാതെ പിരിക്കേണ്ടതും , ആയതിന്റെ വ്യക്തമായ വരവ്-ചിലവ് കണക്കുകൾ അതത് ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് അംഗീകാരം നൽകേണ്ടതുമാണ്. ഈ നിർദ്ദേശം

കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പ വരുത്തേണ്ടതുമാണ്.

Signature valid

Digitally signed by SANTHOSH C A
Date: 2021.04.07 17:04:43 IST
Reason: Approved

SANTHOSH C A
ADDITIONAL DIRECTOR(GEN)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താക്കൾ

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
3. എല്ലാ സ്കൂൾ പ്രധാനാദ്ധ്യാപകരും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്:

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ (പി.എ മുഖാന്തരം)
2. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ & അക്കാദമിക്) (സി.എ മുഖാന്തരം)
3. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
4. കരുതൽ ഫയൽ